വാഹന ഗതാഗതം നിയന്ത്രിക്കുവാൻ നടപടി

154 [123] *ശ്രീ. പി. ജെ. ജോയി:*

,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗര വികസനത്തിന്റെ ഭാഗമായി എവിടെയെല്ലാം റോഡിൽ പണികൾ നടക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പണി നടക്കുന്നയിടങ്ങളിൽ എത്ര റോഡ് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) പണി നടത്തുന്നതിനുവേണ്ടി കുഴിച്ച റോഡുകളിൽ വെള്ളം കെട്ടിക്കിടക്കുന്നിടത്ത് വാഹന ഗതാഗതം നിയന്ത്രിക്കുവാൻ പോലീസിനെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പുത്തൻചന്ത ഭാഗത്തുനിന്ന് പട്ടത്തേക്ക് പോകേണ്ട വാഹനങ്ങൾ റവ. ജെ. ടി. ഹാളിന് സമീപത്തുകൂടി ആശാൻ പ്രതിമ ചുറ്റിപ്പോകുന്ന ഗതാഗത രീതി സ്വീകരിച്ചത് എന്നുമുതലാണ് എന്ന് പറയുമോ;

(ഇ) വാഹനങ്ങളുടെ ആധിക്യംമൂലം എം.എൽ.എ. ക്വാർട്ടേഴ്സിന് മുമ്പിലും യൂണിവേഴ്സിറ്റി ലൈബ്രറിക്ക് മുമ്പിലും കൂടി റോഡ് മുറിച്ചുകടക്കുവാൻ സൗകര്യപ്പെടുന്ന രീതിയിൽ പ്രസ്തുത റോഡിൽ പോലീസിനെ ഡ്യൂട്ടിക്കിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) അവിടെ പോലീസ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേക്കറി ജംഗ്ഷൻ---പനവിള ജംഗ്ഷൻ, പഞ്ചാപുര—പാളയം, പാളയം ആശാൻ പ്രതിമ, പാറ്റൂർ---നാലുമുക്ക്, ചാക്കപ്പാലം, ചാക്കപ്പാലം—ആൾസെയിൻസ്-- റയർലെസ് സ്റ്റേഷൻ---ശംഖുമുഖം എയർപോർട്ട്, വെൺപാലവട്ടം (കിംസ്)--പുന്നിറോഡ്, കവടിയാർ സ്കൂൾ—മൻമോഹൻ ബംഗ്ലാവ്, ഈഞ്ചക്കൽ—ശ്രീകണ്ഠേശ്വരം, പഴവങ്ങാടി---തകരപ്പറമ്പ് (വെള്ളപ്പൊക്കനിവാരണം) എന്നിവിടങ്ങളിൽ തിരുവനന്തപുരം നഗരവികസനത്തിന്റെ ഭാഗമായി പണികൾ നടക്കുന്നുണ്ട്.

(ബി) പഴവങ്ങാടിയിൽ ഒരു ഇരുചക്രവാഹന അപകടവും, പഞ്ചാപ്പുരയിൽ ഒരു മാരുതി കാർ കുഴിയിൽ വീഴുകയും ചെയ്തിട്ടുണ്ട്.

(സി) പോലീസ് ഡ്യൂട്ടി ഏർപ്പാടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ജൂൺ 18-ാം തീയതി മുതൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) & (എഫ്) പോലീസ് ഡ്യൂട്ടി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ നടപടി

155 [126] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കാണ് അയച്ചുകൊടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നിയമവകുപ്പ് മന്ത്രിക്ക് പ്രസ്തുത പ്രമേയം അയച്ചു കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ശ്രീ. വീർപ്പ മൊയ്ലി കേന്ദ്ര നിയമ മന്ത്രിക്ക് കത്തെഴുതിയിരുന്നോ; എങ്കിൽ ആ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള നിയമസഭ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് പാസ്സാക്കിയ പ്രമേയം കേന്ദ്ര നിയമ വകുപ്പ് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) അയച്ചു കൊടുത്തിട്ടില്ല. കേന്ദ്ര നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം സംസ്ഥാന സർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് തലസ്ഥാനത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരത്തോടുകൂടിയ ഒരു ബഞ്ചിന്റെ സ്ഥാപനത്തെക്കുറിച്ച് ഹൈക്കോടതിയുടെ അഭിപ്രായം ആരായുകയും, തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപ്പര്യത്തിനോ നീതി നിർവഹണത്തിനോ സഹായകരമല്ലായെന്നതിനാൽ നിർദ്ദേശം ഉപേക്ഷിക്കണമെന്ന് 3-8-2004-ലെ കത്തിൽ ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റീസ് മുഖ്യമന്ത്രിയെ അറിയിക്കുകയുമുണ്ടായി.

4-8-2004-ൽ കൂടിയ മന്ത്രിസഭായോഗത്തിൽ തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇൻഡ്യൻ പ്രസിഡന്റിന് കത്തെഴുതാൻ തീരുമാനിക്കുകയുണ്ടായി. മന്ത്രിസഭയുടെ തീരുമാനപ്രകാരം തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ചിന്റെ ആവശ്യകതയെ സംബന്ധിച്ച് 17-9-2004-ൽ

LIBRARY ARCHIVES Kerala Legislative Assembly